# Visit of External Affairs Minister to Slovenia, Croatia and Denmark (September 02-05, 2021)

September 01, 2021

---

**സ്ലോവേനിയ ,ക്രൊയേഷ്യ കൂടാതെ ഡെന്മാർക്ക് എന്നിവിടങ്ങളിലേക്കുള്ള വിദേശകാര്യമന്ത്രിയുടെ സന്ദർശനം (സെപ്റ്റംബർ 02-05, 2021)**

സെപ്റ്റംബർ 01, 2021

2021 സെപ്റ്റംബർ 2 മുതൽ 5 വരെയുള്ള തിയ്യതികളിൽ വിദേശകാര്യമന്ത്രി ഡോ. എസ്. ജയശങ്കർ സ്ലോവേനിയ, ക്രൊയേഷ്യ കൂടാതെ ഡെന്മാർക്ക് എന്നിവിടങ്ങളിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തി.

2021 സെപ്റ്റംബർ 2-3 മുതൽ EAM സ്ലോവേനിയയിലായിരിക്കും. സ്ലോവേനിയ നിലവിൽ യൂറോപ്യൻ യൂണിയൻ കൗൺസിലിന്റെ അധ്യക്ഷസ്ഥാനം വഹിക്കുന്ന രാഷ്ട്രമാണ്, കൂടാതെ 2021 സെപ്റ്റംബർ 3 ന് നടക്കുന്ന യൂറോപ്യൻ യൂണിയൻ അംഗ രാഷ്ട്രങ്ങളിലെ വിദേശകാര്യ മന്ത്രിമാരുടെ അനൗപചാരിക യോഗത്തിൽ പങ്കെടുക്കാൻ വിദേശകാര്യമന്ത്രിയ്ക്ക് ക്ഷണം ലഭിച്ചിട്ടുണ്ട്. സ്ലോവേനിയൻ നേതൃത്വത്തെ സന്ദർശിക്കുന്നതിനോടൊപ്പം തന്നെ സ്ലോവേനിയയുടെ വിദേശകാര്യ മന്ത്രി ഡോ.അൻസെൽ ലോഗറുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തുകായും ചെയ്യുന്നതാണ്.

സ്ലോവേനിയയിൽ നടക്കുന്ന ബ്ലെഡ് സ്ട്രാറ്റജിക് ഫോറത്തിലും (BSF) കൂടാതെ "ഇന്തോ-പസഫിക് മേഖലയിൽ നിയമങ്ങൾക്കനുസരിച്ചുള്ള പങ്കാളിത്തം" എന്ന വിഷയത്തിൽ നടക്കുന്ന പാനൽ ചർച്ചയിലും വിദേശകാര്യമന്ത്രി പങ്കെടുക്കും. യൂറോപ്യൻ യൂണിയനിലെ തന്റെ തുല്യ അധികാരം വഹിക്കുന്ന ഉന്നതരുമായി പരസ്പരം താല്പര്യമുള്ള വിഷയങ്ങളിൽ അദ്ദേഹം ചർച്ച നടത്തുകയും ചെയ്യും.

സെപ്റ്റംബർ 3 ന് ക്രൊയേഷ്യ സന്ദർശിക്കുന്ന വിദേശകാര്യ മന്ത്രി, ക്രൊയേഷ്യൻ വിദേശകാര്യമന്ത്രിയായ ഗോർഡൻഗ്രിലി റാഡ്മാനുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും കൂടാതെ ക്രൊയേഷ്യൻ നേതൃത്വവുമായും സന്ദർശനം നടത്തും

സെപ്റ്റംബർ 4-5-ന് ഡെൻമാർക്ക് സന്ദർശിക്കുമ്പോൾ, ഇന്തോ-ഡാനിഷ് ജോയിന്റ് കമ്മീഷൻ നാലാം ഘട്ട മീറ്റിംഗിനു (JCM) വിദേശകാര്യ മന്ത്രി ജെപ്പെകോഫോഡിനൊപ്പം ഇന്ത്യൻ വിദേശകാര്യമന്ത്രി അധ്യക്ഷത വഹിക്കും . 2020 സെപ്റ്റംബറിൽ വെർചൽ ഉച്ചകോടിയിൽ സ്ഥാപിതമായ ഗ്രീൻ സ്ട്രാറ്റജിക് പാർട്ണർഷിപ്പിന് കീഴിലുള്ള നമ്മുടെ

ഉഭയകക്ഷി സഹകരണത്തിന്റെ സമഗ്രമായ അവലോകനം JCM ഏറ്റെടുക്കും. വിദേശകാര്യമന്ത്രി ഡാനിഷ് ഉന്നതരെയും സന്ദർശിക്കും.

മൂന്നു സെൻട്രൽ യൂറോപ്യൻ രാജ്യങ്ങളുമായുള്ള ഉഭയകക്ഷി ബന്ധങ്ങളിലെ പുരോഗതി വിലയിരുത്താനും വിവിധമേഖലകളിലായി വ്യാപിച്ചു കിടക്കുന്ന യൂറോപ്യൻ യൂണിയനുമായുള്ള ബന്ധം ശക്തിപ്പെടുത്താനും വിദേശകാര്യമന്ത്രിയുടെ സന്ദർശനം അവസരമൊരുക്കുന്നതാണ്.

ന്യൂ ഡൽഹി
സെപ്റ്റംബർ 01, 2021

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.